# അക്കാദമിക മാസ്റ്റർ പ്ലാൻ

# വിജയ എൽ.പി സ്കൂൾ,പുൽപള്ളി

## ആമുഖം

നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് കൃത്യമായ ഇടപെട്ട് മുന്നോട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും നേടിയെടുക്കുക എന്നതാണ് വിദ്യാഭ്യാസത്തിൻറെ പരമമായ ലക്ഷ്യം. വിദ്യാഭ്യാസത്തിലൂടെ വ്യക്തി വികസനം സാധ്യമാവുകയും അതിലൂടെ സമൂഹത്തിൻറെ പുരോഗതിയും ആണ് നാം ലക്ഷ്യം വെക്കുന്നത്. വികസനോൻമുഖമായ സമൂഹ ഉന്നതിക്ക് ഉതകുന്ന വിധം വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. ഇതിൻറെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാഭ്യാസരംഗത്തിൽ അബോധ പൂർണമായ ഉണർവ് സൃഷ്ടിച്ചു. ഇതിൻറെ ഫലമായി വിദ്യാലയങ്ങൾ അക്കാദമികപരമായി വളർന്നു പൊതു വിദ്യാഭ്യാസസംരക്ഷണത്തിൻറെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമി ഗ്രംഗം കൂടുതൽ ശക്തമാക്കുന്നതിനായി അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നുണ്ട്. വിദ്യാലയങ്ങൾ മാസ്റ്റർ പ്ലാനുകൾക്ക് അനുസൃതമായി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി നല്ല മാതൃകകൾ സൃഷ്ടിച്ചു വരുന്നു. ഇത്തരത്തിൽ ഈ വിദ്യാലയത്തിൻറെയും അക്കാദമിക രംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ ആണിത്.

## പൊതു ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാകുന്നു.വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവർത്തിപരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനം ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങൾ എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- ഓരോ അധ്യാപകരും ആധുനിക സാങ്കേതികവിദ്യയുടെ കൂടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർത്ഥികളും അധ്യാപകനും തമ്മിലും വിദ്യാർഥികളും വിദ്യാർത്ഥികളും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലുള്ള ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- പ്രത്യേക പരിഗണന അർഹിക്കുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടതും ആയ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് |
| --- | --- | --- |
| **മലയാളം**<br>• അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>• വായന കാർഡുകൾ<br>• പദസൂര്യൻ<br>• വരമൊഴി<br>• മലയാളത്തിളക്കം<br>• ക്ലാസ് ലൈബ്രറി പ്രവർത്തനം<br>• വായനാ മൂല<br>• അമ്മ വായന<br>• വിവിധ പതിപ്പുകൾ തയ്യാറാക്കൽ<br>• വായനാ മത്സരങ്ങൾ സംഘടിപ്പിക്കൽ<br>• കുട്ടികളുടെ പതിപ്പ് തയ്യാറാക്കൽ (ഡയറി കഥ കവിത) | എഴുത്ത് പരിപോഷിപ്പിക്കൽ<br>വായനശേഷി വളർത്തൽ | ഒരു വർഷം |
| **English**<br>• English assembly<br>• English theatre<br>• English diary<br>• word game<br>• book review<br>• English day celebration | To improve the skills like listening reading and writing | 1 year |
| **ഗണിതം**<br>• ജ്യാമിതി രൂപങ്ങൾ പരിചയപ്പെടുത്തുക<br>• ഗണിത കിറ്റ്<br>• ഒറിഗാമി ശില്പശാല | അടിസ്ഥാന ഗണിതശയങ്ങൾ ഉറപ്പിക്കുക | ഒരു വർഷം |

| | | |
|---|---|---|
| • മെട്രിക് മേള<br>• ഗണിതോത്സവം<br>• ഗണിത ക്വിസ് | അടിസ്ഥാന ഗണിതശയങ്ങൾ ഉറപ്പിക്കുക | ഒരു വർഷം |
| **പരിസര പഠനം**<br>• പലഹാരമേള<br>• ഫീൽഡ് ട്രിപ്പ്<br>• പരീക്ഷണ കിറ്റ്<br>• പരീക്ഷണം<br>• സംഘടിപ്പിക്കൽ<br>• പ്രകൃതി നടത്തം<br>• ലഘു പ്രൊജക്റ്റ്<br>• ഭക്ഷ്യ മേള<br>• മഴയാത്ര<br>• ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കൽ<br>• പച്ചക്കറിത്തോട്ടം നിർമ്മിക്കൽ<br>• ശാസ്ത്രോത്സവം | • പ്രകൃതിയെക്കുറിച്ച് പഠിക്കുന്നതിനും പരീക്ഷണ നിരീക്ഷണങ്ങളിലൂടെ നേരിട്ടുള്ള അനുഭവം സാധ്യമാക്കൽ<br>• ശാത്രവബോധം വളർത്തുക. | ഒരു വർഷം |

# മികവുകൾ

1. ഗോത്ര ഫെസ്റ്റ്
2. ഉന്നതികളിലെ കോർണർ പി .ടി .എ

3. പബ്ലിക് ലൈബ്രറിയിൽ അംഗത്വം എടുക്കുക
4. ഇംഗ്ലീഷ് ഡേ
5. മെട്രിക് മേള
6. ഭാഷോത്സവം
7. ശാസ്ത്രോത്സവം

## പോരായ്മകൾ

ലേഖന ,വായന പ്രവർത്തനങ്ങളിലെ പിന്നാവസ്ഥ

## പരിഹാരമാർഗങ്ങൾ

### അക്ഷരം എൻറെ ചങ്ങാതി പ്രവർത്തനം

ചിഹ്നങ്ങൾ ഉറപ്പിക്കൽ ,ചിഹ്നം ചേർത്ത് , വാക്യങ്ങൾ തയ്യാറാക്കൽ ചിത്രവിവരണം എഴുതൽ, വായിക്കൽ ചെറിയ സംഭാഷണ രചന, വരികൾ കൂട്ടിച്ചേർക്കൽ ചിത്രകഥ പൂരണം,എന്നിവ പരിശീലിപ്പിക്കുന്നു.